# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ:0481-2733512

## വാർത്താക്കുറിപ്പ്

**2023 ഓഗസ്റ്റ് 22**

---

## ബിരുദ പ്രവേശനം ; ഓപ്ഷൻ രജിസ്ട്രേഷൻ

മഹാത്മാ ഗാന്ധി സർവകലാശാലയുടെ അഫിലിയേറ്റഡ് കോളജുകളിൽ ബിരുദ പ്രോഗ്രാമുകളിൽ ഒഴിവുള്ള സീറ്റുകളിലേക്ക് റാങ്ക് ലിസ്റ്റ് വഴി പ്രവേശനത്തിനുള്ള മൂന്നാം ഫൈനൽ അലോട്ട്മെൻറിൻറെ ഓപ്ഷൻ രജിസ്ട്രേഷൻ/ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. സെപ്റ്റംബർ രണ്ടിന് വൈകുന്നേരം അഞ്ചുവരെ രജിസ്റ്റർ ചെയ്യാം.

എയ്ഡഡ് കോളജുകളിലെ കമ്യൂണിറ്റി മെരിറ്റ് ക്വാട്ടാ സീറ്റുകളിലേക്കും സെപ്റ്റംബർ രണ്ടിന് വൈകുന്നേരം അഞ്ചുവരെ രജിസ്റ്റർ ചെയ്യാം. നിലവിൽ പ്രവേശനം എടുത്തവർക്ക് മൂന്നാം ഫൈനൽ അലോട്ട്മെൻറിന് അപേക്ഷിക്കാനാവില്ല.

(പി.ആർ.ഒ/39/1022/2023)

## പി.ജി. പ്രവേശനം; ഓപ്ഷൻ രജിസ്ട്രേഷൻ

മഹാത്മാ ഗാന്ധി സർവകലാശാലയുടെ അഫിലിയേറ്റഡ് കോളജുകളിൽ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിൽ ഒഴിവുള്ള സീറ്റുകളിലേക്ക് റാങ്ക് ലിസ്റ്റ് വഴി പ്രവേശനത്തിനുള്ള രണ്ടാം ഫൈനൽ അലോട്ട്മെൻറിൻറെ ഓപ്ഷൻ രജിസ്ട്രേഷൻ/ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. സെപ്റ്റംബർ 24ന് വൈകുന്നേരം അഞ്ചുവരെ രജിസ്റ്റർ ചെയ്യാം.

എയ്ഡഡ് കോളജുകളിലെ കമ്യൂണിറ്റി മെരിറ്റ് ക്വാട്ടാ സീറ്റുകളിലേക്കും സെപ്റ്റംബർ 24ന് വൈകുന്നേരം അഞ്ചുവരെ രജിസ്റ്റർ ചെയ്യാം.

(പി.ആർ.ഒ/39/1023/2023)

## ഡിമെൻഷ്യകെയർ ആൻറ് കൗൺസലിംഗ് കോഴ്സ് തുടങ്ങി

മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഇൻറർ യൂണിവേഴ്സിറ്റി സെൻറർ ഫോർ ഡിസബിലിറ്റി സ്റ്റഡീസും(ഐ.യു.സി.ഡി.എസ്) പാലാ ഡിമെൻഷ്യ കെയറും സംയുക്തമായി നടത്തുന്ന സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ഡിമെൻഷ്യ കെയർ ആൻറ്

കൗൺസലിംഗിൻറെ ഉദ്ഘാടനം വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ നിർവഹിച്ചു.

ഐ.യു.സി.ഡി.എസ് ഓണററി ഡയറക്ടർ പ്രഫ. പി.ടി. ബാബുരാജ് അധ്യക്ഷത വഹിച്ച ചടങ്ങിൽ കോട്ടയം മെഡിക്കൽ കോളേജിലെ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം മേധാവി ഡോ. സൈറു ഫിലിപ്പ്, ഫാ. ജോസ് നെല്ലിക്കാത്തെരുവ്, പാലാ ഡിമെൻഷ്യ കെയർ പ്രതിനിധി ബേബി ജോസഫ്,മേരി സീമ എന്നിവർ സംസാരിച്ചു.

ഡിമെൻഷ്യ കെയർ ജനറൽ സെക്രട്ടറി ഡോ. രാജു ഡി. കൃഷ്ണപുരം കോഴ്സിനെക്കുറിച്ച് വിശദീകരിച്ചു.

**ഫോട്ടോ ക്യാപ്ഷൻ..**
മഹാത്മാ ഗാന്ധി സർവകലാശാലയിൽ ഡിമെൻഷ്യ കെയർ ആൻറ് കൗൺസലിംഗ് സർട്ടിഫിക്കറ്റ് കോഴ്സിൻറെ ഉദ്ഘാടനം വൈസ് ചാൻസലർ ഡോ. സി.ടി.അരവിന്ദകുമാർ നിർവഹിക്കുന്നു.

(പി.ആർ.ഒ/39/1024/2023)

## സർട്ടിഫിക്കറ്റ് കോഴ്സ്

മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഇൻറർ യൂണിവേഴ്സിറ്റി സെൻറർ ഫോർ ഡിസബിലിറ്റി സ്റ്റ ഡീസിൽ ഇമോഷണൽ ഇൻറലിജൻസ് എന്ന വിഷയത്തിൽ മൂന്നു മാസത്തെ സർട്ടിഫിക്കറ്റ് കോഴ്സ് നടത്തുന്നു.

പ്ലസ് ടു അല്ലെങ്കിൽ പ്രീ ഡിഗ്രി ആണ് വിദ്യാഭ്യാസ യോഗ്യത. താല്പര്യമുള്ളവർ iucdsmgu@mgu.ac.in എന്ന ഇ-മെയിലിലോ 9495213248, 8891391580 എന്ന ഫോൺ നമ്പറിലോ ബന്ധപ്പെടണം.

(പി.ആർ.ഒ/39/1025/2023)

## പ്രൈവറ്റ് രജിസ്ട്രേഷൻ ബി.എ ഫിലോസഫി അപേക്ഷിക്കാം

മഹാത്മാ ഗാന്ധി സർവകലാശാലയുടെ 2023-24 അക്കാദമിക് വർഷത്തെ പ്രൈവറ്റ് രജിസ്ട്രേഷൻ ബി.എ ഫിലോസഫി കോഴ്സിന് സെപ്റ്റംബർ 30 വരെ അപേക്ഷ സമർപ്പിക്കാം.

ഒക്ടോബർ ഒന്നു മുതൽ 16 വരെ 1165 രൂപ പിഴയോടു കൂടിയും ഒക്ടോബർ 17 മുതൽ 31 വരെ 2320 രൂപ പിഴയോടു കൂടിയും അപേക്ഷ സ്വീകരിക്കും. വിശദ വിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1026/2023)

## എം.എ ആന്ത്രപോളജി; വാക്ക്-ഇൻ ഇൻറർവ്യൂ

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് സോഷ്യൽ സയൻസസിൽ എം.എ ആന്ത്രപോളജി പ്രോഗ്രാമിൽ എസ്.സി വിഭാഗത്തിൽ മൂന്നും ഇ.ഡബ്ല്യൂ.എസ് വിഭാഗത്തിൽ രണ്ടും സീറ്റുകൾ ഒഴിവുണ്ട്. താല്പര്യമുള്ള വിദ്യാർഥികൾ അസൽ സർട്ടിഫിക്കറ്റുകൾ സഹിതം സെപ്റ്റംബർ അഞ്ചിന് ഉച്ചയ്ക്ക് ഒന്നിന് മുൻപ് പുല്ലരിക്കുന്നിലെ സ്കൂൾ ഓഫീസിൽ എത്തണം.

മേൽ പറഞ്ഞ വിഭാഗങ്ങളിലെ വിദ്യാർഥികളുടെ അഭാവത്തിൽ സംവരണ മാനദണ്ഡങ്ങൾ പാലിച്ച് മറ്റു വിഭാഗങ്ങളിലെ വിദ്യാർഥികൾക്ക് പ്രവേശനം അനുവദിക്കും. ഫോൺ: 9995203470

(പി.ആർ.ഒ/39/1027/2023)

## മാറ്റി വച്ച പ്രാക്ടിക്കൽ പരീക്ഷകൾ

തൃപ്പൂണിത്തുറ ആർ.എൽ.വി കോളജ് ഓഫ് മ്യൂസിക് ആൻഡ് ഫൈൻ ആർട്സിൽ ഓഗസ്റ്റ് 21, 22, 23, 24 തീയതികളിൽ നടത്താനിരുന്ന നാലാം സെമസ്റ്റർ എം.എ ഭരതനാട്യം (സി.എസ്.എസ് - 2021 അഡ്മിഷൻ റഗുലർ, 2019,2020 അഡ്മിഷനുകൾ സപ്ലിമെൻററി- ജൂൺ 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ യഥാക്രമം സെപ്റ്റംബർ നാല്, അഞ്ച്, ഏഴ്, എട്ട് തീയതികളിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1028/2023)

## പ്രോജക്ട്, വൈവ വോസി

നാലാം സെമസ്റ്റർ എം.കോം, എം.സി.എ(സി.എസ്.എസ് - 2021 അഡ്മിഷൻ റഗുലർ, 2019,2020 അഡ്മിഷനുകൾ സപ്ലിമെൻററി - ജൂൺ 2023) പരീക്ഷയുടെ പ്രോജക്ട്, വൈവ വോസി പരീക്ഷകൾ സെപ്റ്റംബർ ഏഴു മുതൽ വിവിധ കേന്ദ്രങ്ങളിൽ നടക്കും. ടൈംടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1029/2023)

## പരീക്ഷാ ഫലം

ഒന്നാം സെമസ്റ്റർ എം.എ മലയാളം (പി.ജി.സി.എസ്.എസ് - 2022 അഡ്മിഷൻ റഗുലർ, 2020-21 അഡ്മിഷൻ സപ്ലിമെൻററിയും ഇംപ്രൂവ്മെൻറും- മാർച്ച് 2023) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് സെപ്റ്റംബർ അഞ്ചു വരെ ഓൺലൈനിൽ അപേക്ഷിക്കാം.

....................

കഴിഞ്ഞ വർഷം നവംബറിൽ നടത്തിയ നാലാം സെമസ്റ്റർ മാസ്റ്റർ ഓഫ് സോഷ്യൽ വർക്ക്(2016 2018 അഡ്മിഷനുകൾ സപ്ലിമെൻററി, 2012 മുതൽ 2015 വരെ അഡ്മിഷനുകൾ മെഴ്സി ചാൻസ്) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് സെപ്റ്റംബർ അഞ്ചു വരെ ഓൺലൈനിൽ അപേക്ഷിക്കാം.

.....................

ഈ വർഷം മാർച്ചിൽ നടത്തിയ ഒന്നാം സെമസ്റ്റർ മാസ്റ്റർ ഓഫ് കൊമേഴ്സ് ആൻറ് മാനേജ്മെൻറ്, എം.കോം(സി.എസ്.എസ് - 2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2019,2020 അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് സെപ്റ്റംബർ അഞ്ചു വരെ ഓൺലൈനിൽ അപേക്ഷിക്കാം.

.....................

ഈ വർഷം മാർച്ചിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എ ബിസിനസ്സ് ഇക്കണോമിക്സ്(2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ സപ്ലിമെൻററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് സെപ്റ്റംബർ അഞ്ചു വരെ ഓൺലൈനിൽ അപേക്ഷിക്കാം.

(പി.ആർ.ഒ/39/1030/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**